(ബി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ പുതുതായി ആരംഭിച്ചിട്ടുള്ള ചമ്പക്കുളംപള്ളി റൂട്ട്, കൈനകരി പഞ്ചായത്ത് കടവ് റൂട്ട്, തകഴികുന്നുമ്മ റൂട്ട് എന്നീ സ്ഥലങ്ങളിലേയ്ക്ക് കൂടുതൽ ബസ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ട്രാഫിക് ഡിമാന്റ് അനുസരിച്ചാണ് ഓരോ റൂട്ടുകളിലും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്നത്. ആവശ്യത്തിന് ബസ്സുള്ള റൂട്ടുകളിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നത് കെ.എസ്.ആർ.ടി.സി.-യ്ക്ക് ഗുണകരമാകില്ല.

(ബി) ഇപ്പോൾ ഈ റൂട്ടിൽ ആവശ്യത്തിന് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്. ട്രാഫിക് ഡിമാന്റ് വർദ്ധിക്കുന്ന സാഹചര്യത്തിൽ കൂടുതൽ സർവ്വീസ് നടത്തുന്നത് കെ.എസ്.ആർ.ടി.സി.-യ്ക്ക് ഗുണകരമാണെന്ന് ബോദ്ധ്യപ്പെട്ടാൽ അപ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

ആമ്പല്ലൂരിൽ സൂപ്പർ ഫാസ്റ്റ് ബസ്സിന് സ്റ്റോപ്പ് അനുവദിക്കാൻ നടപടി

112 [2239] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-തിരുവനന്തപുരം റൂട്ടിൽ കെ.എസ്.ആർ.ടി.സി സൂപ്പർഫാസ്റ്റ് ബസ്സിന് ഏതെല്ലാം സ്ഥലങ്ങളിൽ ഫെയർ സ്റ്റേജോടുകൂടി സ്റ്റോപ്പുണ്ട്;

(ബി) ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ ബസ്സിന് ഫെയർസ്റ്റേജോടുകൂടി സ്റ്റോപ്പുള്ള സ്ഥലങ്ങളിൽ എവിടെയെങ്കിലും സൂപ്പർഫാസ്റ്റിന് സ്റ്റോപ്പില്ലാത്ത സ്ഥലങ്ങൾ ഉണ്ടോ;

(സി) തൃശ്ശൂർ ജില്ലയിലെ ആമ്പല്ലൂരിൽ ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ ബസ്സിന് ഫെയർസ്റ്റേജോടുകൂടി സ്റ്റോപ്പുണ്ടായിട്ടും സൂപ്പർ ഫാസ്റ്റ് ബസ്സിന് സ്റ്റോപ്പ് ഇല്ലാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) തൃശ്ശൂർ ജില്ലാ വികസന സമിതി യോഗം ആവശ്യപ്പെട്ടിട്ടും ആമ്പല്ലൂരിൽ സൂപ്പർഫാസ്റ്റിന് സ്റ്റോപ്പനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഇ) ആമ്പല്ലൂരിൽ എന്നുമുതൽ സൂപ്പർഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്സ് എന്നീ ബസ്സുകൾക്ക് ഫെയർസ്റ്റേജോടുകൂടി സ്റ്റോപ്പ് നിലവിൽ വരും എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശ്ശൂർ-തിരുവനന്തപുരം റൂട്ടിൽ എൻ.എച്ച്.-ൽ 15 സ്ഥലങ്ങളിലും എം.സി. റോഡിൽ 17 സ്ഥലങ്ങളിലും സൂപ്പർ ഫാസ്റ്റിന് ഫെയർ സ്റ്റേജോടുകൂടി സ്റ്റോപ്പുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഉണ്ട്.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി ആന്റ് ഇ) ആവശ്യം പരിശോധിക്കുന്നതാണ്.

യൂണിഫോം ധരിക്കാത്ത കെ.എസ്.ആർ.ടി.സി. ഇൻസ്പെക്ടർമാർ

113 [2240] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

„ ജി. പ്രതാപവർമ്മ തമ്പാൻ:

„ എം. കെ. പോൾസൺ മാസ്റ്റർ:

„ ലൂഡി ലൂയിസ്:

„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഇൻസ്പെക്ടർമാർക്ക് യൂണിഫോം നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള തുണി, തയ്യൽക്കൂലി, അലക്കുകൂലി എന്നിവ കൊടുക്കുന്നുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഇൻസ്പെക്ടർമാരും യൂണീഫോറം തയ്പിക്കുകയും ധരിക്കുകയും ചെയ്യുന്നുണ്ടോ;

(ഡി) എങ്കിൽ ഔദ്യോഗിക കൃത്യനിർവ്വഹണം നടത്തുമ്പോൾ അവർ യൂണീഫോറം ധരിക്കുന്നുണ്ടോ എന്നുറപ്പുവരുത്തുന്നതെപ്രകാരമാണ്;

(ഇ) ഔദ്യോഗിക കൃത്യനിർവ്വഹണസമയത്ത് ഇൻസ്പെക്ടർമാർ യൂണിഫോറം ധരിക്കാത്തതിനാൽ യാത്രക്കാർ പരിശോധനയ്ക്ക് ടിക്കറ്റ് കൊടുക്കാതിരിക്കുകയും യാത്രക്കാരുമായി ശണ്ഠയുണ്ടാക്കുകയും ചെയ്യാറുണ്ടോ;

(എഫ്) യൂണിഫോറം ധരിക്കാത്ത ഇൻസ്പെക്ടർമാർ ടിക്കറ്റ് ചെക്കുചെയ്യുന്നതിന്മേൽ എന്തു നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാസാമാസം അലക്കുകൂലി കൊടുത്തുകൊണ്ടിരിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ട് കാരണം കഴിഞ്ഞ 3 വർഷമായി യൂണിഫോമിനുള്ള തുണി വിതരണം ചെയ്തിട്ടില്ല. ആയതിനാൽ തയ്യൽ കൂലിയും നൽകിയിട്ടില്ല.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly